പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6261 31.10.2011-ൽ മറുപടിക്ക്

# ജൈവസംസ്കരണ യൂണിറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.പി.അബ്ദുസ്സമദ് സമദാനി: | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) മാലിന്യ മുക്ത, പകർച്ച വ്യാധി രഹിത കേരളം എന്ന തീവ്രലക്ഷ്യത്തിലേക്കെത്തുന്നതിന് ജൈവ സംസ്കരണ യുണിറ്റുകൾ ഗ്രാമീണ തലത്തിൽ തുടങ്ങാൻ പദ്ധതിയുണ്ടോ ; | എ) പദ്ധതിയുണ്ട്. |
| ബി) മാലിന്യമുക്ത കേരളം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും പഞ്ചായത്തുകളിലും വിദേശസാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പൈറോസിസ് മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാൻ നടപടി എടുക്കുമോ; വിശദമാക്കുമോ ? | ബി) മാലിന്യ മുക്ത പദ്ധതിയുടെ ഭാഗമായി ചെറുതും ഇടത്തരവുമായ മുനിസിപ്പാലിറ്റികളിലെ നിലവിലുള്ള ഖരമാലിന്യ സംസ്കരണ സംവിധാനങ്ങളിലെ പോരായ്മകൾ പരിഹരിക്കുന്നതിനും അവയുടെ നിലവാരം ഉയർത്തുന്നതിനുള്ള നയപരമായ തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. കോർപ്പറേഷനുകളിലും വലിയ നഗരസഭകളിലും നിലവിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകളിൽ വിവിധ തരത്തിലുള്ള പരിസ്ഥിതി പ്രശ്നങ്ങൾ നിലവിലുണ്ടെന്നുള്ളതിനാൽ നവീന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്താൻ കഴിയുമോ എന്ന കാര്യം സർക്കാർ പരിശോധിക്കുകയുണ്ടായി. അതനുസരിച്ച് നവീന |

സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയുള്ള പൈലറ്റ് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള ആലോചനകൾ നടന്നു വരുന്നു. ഇതിനുള്ള പ്രൊപ്പോസൽ ശുചിത്വമിഷൻ വഴി കൈക്കൊണ്ടു വരുന്നു. സർക്കാരിന്റെ ആദ്യ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി 100 ഗ്രാമ പഞ്ചായത്തുകളിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി സാങ്കേതിക സഹായം ലഭ്യമാക്കി സമർപ്പിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകൾക്കും പദ്ധതി തയ്യാറാക്കി സമർപ്പിച്ചവയ്ക്കും സാങ്കേതിക അംഗീകാരവും ഭാഗീക സാമ്പത്തിക സഹായവും ലഭ്യമാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ